**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 269** | **04-10-2021 - ൽ മറുപടിയ്ക്ക്**

**മുൻഗണന റേഷൻ കാർഡുകൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പുതിയതായി മുൻഗണന റേഷൻ കാർഡുകൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗങ്ങളാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടുവരുന്നത്. എ.എ.വൈ വിഭാഗത്തെ കണ്ടെത്തുന്നതിനായി കേന്ദ്ര മാനദണ്ഡങ്ങളും പി.എച്ച്.എച്ച് വിഭാഗത്തെ കണ്ടെത്തുന്നതിനായി 18.09.2017 ലെ സ.ഉ(സാധാ)നം. 320/2017/ഭ.പൊ.വി.വ (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) പ്രകാരമുള്ള സംസ്ഥാന മാനദണ്ഡങ്ങളും നിലവിലുണ്ട്. പുതുതായി അനുവദിക്കുന്ന റേഷൻകാർഡുകൾ പൊതുവിഭാഗം നോൺസബ്സിഡിയിൽ ഉൾപ്പെടുത്തിയാണ് അനുവദിക്കുന്നത്. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. |
| (ബി) | മാനദണ്ഡങ്ങൾ ലംഘിച്ച് മുൻഗണന റേഷൻ കാർഡുകൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രലോഭനങ്ങൾക്ക് വഴങ്ങി മുൻഗണന കാർഡ് നൽകുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | മുൻഗണന കാർഡ് അനുവദിക്കുന്നതിനുള്ള | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | മാനദണ്ഡങ്ങൾ മാറ്റണമെന്ന ആവശ്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | | |
| (ഇ) | മാരകരോഗം ബാധിച്ച പാവപ്പെട്ടവർക്ക് അത്യാവശ്യഘട്ടങ്ങളിൽ മുൻഗണന റേഷൻ കാർഡുകൾ ചികിത്സ ആനുകൂല്യങ്ങൾക്കായി നൽകുന്നതിനായി ഫാസ്റ്റ് ട്രാക്ക് സംവിധാനം പോലെയുള്ളവ ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ; | (ഇ) | ഇല്ല. എന്നാൽ ഗുരുതര ശാരീരിക/മാനസിക വൈകല്യമുള്ളവർ ഉൾപ്പെടുന്ന കുടുംബങ്ങളെ, ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലെങ്കിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ട് മുൻഗണനാ വിഭാഗത്തിൽ നിന്ന് പുറത്തായിട്ടുണ്ടെങ്കിലും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് ഉചിത തീരുമാനമെടുക്കുന്നതിന് പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ആനുകൂല്യം ലഭ്യമാക്കുന്നതിന് 'സ്റ്റേറ്റ് പ്രയോറിറ്റി’ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (എഫ്) | 2021 നവംബർ 1 മുതൽ കേരളത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന റേഷൻ കാർഡിന് പകരമുള്ള പുതിയ ചിപ് കാർഡിന്റെ വിശദവിവരങ്ങൾ നൽകാമോ? | (എഫ്) | പുസ്തക രൂപത്തിലുള്ള റേഷൻകാർഡുകൾക്കു പകരം ഇ-റേഷൻകാർഡുകളാണ് 03.05.2021 മുതൽ അക്ഷയ കേന്ദ്രം മുഖേന വിതരണം നടത്തി വരുന്നത്. ഇ-റേഷൻകാർഡുകൾ പരിഷ്കരിച്ച് ക്യൂ.ആർ.കോഡ്, ബാർ കോഡ് എന്നിവയുള്ള ATM Card-ന്റെ വലിപ്പത്തിലുള്ള സ്മാർട്ട് റേഷൻ കാർഡ് വിതരണം നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ഉടമയുടെ പേര്, ഫോട്ടോ, വിലാസം തുടങ്ങിയ വിവരങ്ങൾ മുൻവശത്തും പ്രതിമാസ വരുമാനം, റേഷൻ കട നമ്പർ, വീട് വൈദ്യുതീകരിച്ചതാണോ, ഗ്യാസ് കണക്ഷനുണ്ടോ തുടങ്ങിയ വിവരങ്ങൾ മറുവശത്തുമുണ്ടാകും. 25/- രൂപ ഫീസ് ഈടാക്കി വിതരണം ചെയ്യാനുദ്ദേശിക്കുന്ന സ്മാർട്ട് കാർഡുകൾ മുൻഗണനാ വിഭാഗങ്ങൾക്ക് സൗജന്യമായി നൽകുവാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കും. തിരിച്ചറിയൽ കാർഡായും ഉപയോഗിക്കാവുന്ന ഈ സ്മാർട്ട് കാർഡുകൾ കയ്യിൽ കരുതുന്നതിനും കൂടുതൽ സൗകര്യപ്രദമായിരിക്കും. |

സെക്ഷൻ ഓഫീസർ